# പതിമൂന്നാം കേരള നിയമസഭ

## (പതിനഞ്ചാം സമ്മേളനം)

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 2014 07/12/2015-ൽ മറുപടിയ്ക്ക്**

**തീരദേശ വികസന കോർപ്പറേഷൻ വഴിയുള്ള പദ്ധതികൾ**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. ജെയിംസ് മാത്യൂ:** | **ശ്രീ. കെ. ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി):** |
| എ) 2012-13 ലെ സംസ്ഥാന ബഡ്ജറ്റിൽ തീരദേശ വികസന കോർപ്പറേഷൻ വഴി ആരംഭിക്കുമെന്ന് പ്രഖ്യാപിച്ചിരുന്ന പദ്ധതികൾ ഏതെല്ലാമായിരുന്നുവെന്ന് വ്യക്തമാക്കാമോ; | എ) സംയോജിത കടൽസുരക്ഷാ പദ്ധതി, കോൾഡ് ചെയിൻ പദ്ധതി, ഫിഷ് മെയ്ഡ്, സംയോജിത മത്സ്യഗ്രാമ വികസന പദ്ധതി എന്നിവയാണ് 2012-13 ലെ സംസ്ഥാന ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്ന പദ്ധതികൾ |
| ബി) ഇവയിൽ പ്രസ്തുത സാമ്പത്തിക വർഷം പൂർത്തിയാക്കാനോ ലക്ഷ്യത്തിലെത്താനോ കഴിയാത്ത പദ്ധതികളുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ; | 1. സംയോജിത മത്സ്യഗ്രാമ വികസന പദ്ധതിയിലുൾപ്പെടുത്തി 25 മത്സ്യഗ്രാമങ്ങളിൽ വികസന പദ്ധതി നടപ്പിലാക്കുന്നതിനായി ഭരണാനുമതി നൽകി. പദ്ധതി പുരോഗമിക്കുന്നു.<br>2. ഫിഷ് മെയ്ഡ് പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ പുരോഗമി ക്കുന്നു.<br>3. കോൾഡ് ചെയിൻ പദ്ധതി അംഗീകാരത്തിനായി നാഷണൽ ഫിഷറീസ് ഡെവലപ്മെന്റ് ബോർഡിന് സമർപ്പിച്ചെങ്കിലും അംഗീകാരം ലഭിച്ചിട്ടില്ല.<br>4. 33 കോടി അടങ്കൽ തുക വരുന്ന സംയോജിത കടൽസുരക്ഷാ പദ്ധതിയ്ക്ക് അംഗീകാരം നൽകിയിട്ടില്ല. |
| സി) ഇവയിൽ മൂന്നര വർഷത്തിനുശഷവും പൂർത്തിയാക്കാൻ കഴിയാത്ത പദ്ധതികളുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ; | സി) ഫിഷ് മെയ്ഡ് പദ്ധതി, സംയോജിത മത്സ്യഗ്രാമ വികസന പദ്ധതി എന്നിവയുടെ പ്രവർത്തനം പുരോഗമിക്കുന്നു. സംയോജിത കടൽ സുരക്ഷാ പദ്ധതി, കോൾഡ് ചെയിൻ പദ്ധതി എന്നിവയ്ക്ക് അനുമതി നൽകിയിട്ടില്ല. |
| ഡി) ഓരോ പദ്ധതിയ്ക്കും 2012-13ൽ വകയിരുത്തിയ തുക എത്ര; അനുവദിക്കപ്പെട്ട തുക എത്ര; പിൻവലിക്കാതെ അവശേഷിക്കുന്ന തുക എത്ര; | ഡി) (പട്ടിക താഴെ) |

| പദ്ധതി | ബഡ്ജറ്റിൽ വകയിരുത്തിയ തുക | അനുവദി ക്കപ്പെട്ട തുക | പിൻവലിക്കാതെ അവശേഷിക്കുന്ന തുക |
|---|---|---|---|
| ഫിഷ് മെയ്ഡ് | 16.67 ലക്ഷം | 16.67 ലക്ഷം | 16.67 ലക്ഷം |
| സംയോജിത മത്സ്യ ഗ്രാമ വികസന പദ്ധതി | 50 കോടി | 47.09 കോടി | 17.49 കോടി |

| | | | |
|---|---|---|---|
| ഇ) | ഇവയിൽ ഏതെങ്കിലും പദ്ധതിയ്ക്ക് തുടർന്നുള്ള ബഡ്ജറ്റുകളിൽ തുക വകയിരുത്തിയിട്ടുണ്ടോ; എങ്കിൽ ഓരോ ബഡ്ജറ്റിലും വകയിരുത്തിയ തുക എത്ര; അനുവദിക്കപ്പെട്ട തുക എത്ര; ട്രഷറിയിൽ പിൻവലിക്കാതെ അവശേഷിക്കുന്ന തുക എത്ര എന്ന് വ്യക്തമാക്കാമോ; | ഇ) | 2012-13 ലെ സംസ്ഥാന ബഡ്ജറ്റിൽ പ്രഖ്യാപിച്ച പദ്ധതികൾക്ക് തുടർന്നുള്ള ബഡ്ജറ്റുകളിൽ തുക വകയിരുത്തിയിട്ടില്ല. |

**സെക്ഷൻ ആഫീസർ**